**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2785** **10-03-2025 - ൽ മറുപടിയ്ക്ക്**

**ഫണ്ട് വിനിയോഗത്തിലെ അഴിമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പട്ടികജാതി, പട്ടികവർഗ്ഗ വികസന ഫണ്ട് വിനിയോഗത്തിൽ അഴിമതി നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപയുടെ അഴിമതി നടന്നതായാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. അഴിമതി ആരോപണങ്ങൾ സംബന്ധിച്ച് വകുപ്പുതല അച്ചടക്കനടപടികളും വിജിലൻസ് അന്വേഷണവും നടന്നുവരുന്നു. ടി നടപടികൾ പൂർത്തിയായാൽ മാത്രമേ തുക കണക്കാക്കാൻ കഴിയുകയുള്ളൂ. |
| (ബി) | ഏതൊക്കെ പദ്ധതികളിൽ എന്തെല്ലാം അഴിമതി നടന്നതായാണ് കണ്ടെത്തിയതെന്ന് വ്യക്തമാക്കുമോ? | (ബി) | **<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**<br><br>1. ഇടുക്കി ജില്ലയിലെ മറയൂർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിന്റെ പരിധിയിൽ ലൈഫ് മിഷൻ ഒന്നാം ഘട്ടം ഭവന നിർമ്മാണം, ജനനി ജന്മ രക്ഷ പദ്ധതി ഗുണഭോക്താക്കൾക്കുള്ള ആനുകൂല്യ വിതരണത്തിലെ അഴിമതി ആരോപണം സംബന്ധിച്ച് അടിമാലി ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ ആയിരുന്ന ശ്രീ റഹീം എ., മറയൂർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.സുധാകരൻ എൻ എന്നിവർക്കെതിരെ വി.സി. 15/21/IDK നമ്പർ പ്രകാരം വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും വിജിലൻസിന് പ്രോസിക്യൂഷൻ അനുമതി നൽകിയിട്ടുള്ളതുമാണ്.<br><br>2. പത്തനംതിട്ട ജില്ലയിൽ റാന്നി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിന്റെ പരിധിയിൽ പട്ടികവർഗ്ഗക്കാർക്ക് സൗജന്യമായി ഭൂമി നൽകുന്ന "ആശിക്കും ഭൂമി ആദിവാസിക്കു സ്വന്തം" പദ്ധതിയിൽ ക്രമക്കേട് നടത്തിയത് സംബന്ധിച്ച് ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ ശ്രീ എ. റഹീം, റാന്നി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ ശ്രീ സുനീഷ് പി.വൈ, ഓഫീസ് അറ്റൻഡന്റ് ശ്രീമതി. എം. എ പൊന്നമ്മ എന്നിവർക്ക് എതിരെ വിജിലൻസ് കേസ് VC 1/2017/PTA പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും ആയതിൽ കുറ്റക്കാർ എന്ന് കണ്ടെത്തിയ |

ശ്രീമതി പൊന്നമ്മക്കെതിരെ വകുപ്പ് ഡയറക്ടറും, ശ്രീ റഹീമിനെതിരെ സർക്കാരും വിജിലൻസിന് പ്രോസിക്യൂഷൻ അനുമതി നൽകിയിട്ടുണ്ട്.

3. ചെറുപുഴ ഗ്രാമപഞ്ചായത്തിലെ ആറാട്ടുകടവ് കോളനിയിലെ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് 10,000/- രൂപ കൈക്കൂലി വാങ്ങി യതിനെ തുടർന്ന്, കണ്ണൂർ ഐ.റ്റി.ഡി പ്രൊജക്റ്റ് ഓഫീസിന്റെ അധികാരപരിധിയിൽ ആലക്കോട് സൈറ്റ് മാനേജരായി സേവനമനുഷ്ഠിച്ചു വന്ന ശ്രീ സലിം താഴേക്കോറോത്ത്-നെ വിജിലൻസ് അറസ്റ്റ് ചെയ്യുകയും VC 03/2023/KNR എന്ന നമ്പരിൽ കേസ് രജിസ്റ്റർ ചെയ്യുകയും ടിയാനെതിരെ വകുപ്പിൽ നിന്നും വിജിലൻസിന് പ്രോസിക്യൂഷൻ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

**പട്ടികജാതി വികസന വകുപ്പ്**

ഭൂരഹിത പുനരധിവാസ പദ്ധതി, ഭവന നിർമ്മാണ ധനസഹായ പദ്ധതി, പഠനമുറി ധനസഹായം, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, കൃഷിഭൂമി ധനസഹായം, വിദേശത്ത് തൊഴിൽ നേടുന്നതിനുള്ള ധനസഹായം, ദുരിതാശ്വാസ ധനസഹായം, സ്വയം സംഘം സഹായ പദ്ധതി, പ്രത്യേക പ്രോത്സാഹന സമ്മാനം, മെറിറ്റോറിയസ് സ്കോളർഷിപ്പ് എന്നീ പദ്ധതികളിൽ അഴിമതി നടന്നിട്ടുള്ളതായി പ്രഥമദൃഷ്ട്യാ കണ്ടെത്തിയിട്ടുള്ള വിഷയങ്ങളിൽ കുറ്റക്കാരെന്നു കണ്ടെത്തിയ ജീവനക്കാർക്കെതിരെ വകുപ്പ് തലത്തിൽ അച്ചടക്ക നടപടികൾ സ്വീകരിച്ചു വരുന്നു.

കൂടാതെ താഴെ പരാമർശിക്കുന്ന ഓഫീസുകൾ മുഖേനെ നടപ്പിലാക്കിയ പദ്ധതികളിൽ ക്രമക്കേട് നടന്നുവെന്ന ആരോപണ വിഷയത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കേസ് രജിസ്റ്റർ ചെയ്തു തുടർ നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നു.

1. തിരുവനന്തപുരം കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസ്. (VC 02/2022/TVM Dtd:16.03.22, VC 03/2022/TVM Dated:16.03.22)

2. മലപ്പുറം അരീക്കോട് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് (VC/02/2023/MPM Dated: 13.01.2023)

3. ദേവികുളം ബ്ലോക്ക് പട്ടിക ജാതി വികസന ഓഫീസ് (VC 14/2023/IDK Dated:30.11.23)

| | | | |
|---|---|---|---|
| | | | 4. പാലക്കാട് മണ്ണാർക്കാട് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് (VC 18/16/PKD Dated:11.07.2016)<br><br>5. പാലക്കാട് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് (VC 26/16/PKD Dated:27.08.16)<br><br>6. പാലക്കാട് മണ്ണാർക്കാട് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ്( VC 23/16/PKD Dated:26.07.2016)<br><br>7. കോട്ടയം കടുത്തുരുത്തി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് (VC 06/23/KTM Dated:15.03.23) |

സെക്ഷൻ ഓഫീസർ